LIBRARY ARCHIVES Kerala Legislative Assembly

സിറ്റിസൈഡ് പ്രവൃത്തിക്കുവേണ്ടി ഡിസൈൻ ചെയ്ത നിർമ്മാണ രൂപരേഖ പാക്കേജ് എ യോഗ്യതാ പരിശോധനയ്ക്കുവേണ്ടി കിയാൽ ബോർഡ് 2014 ഫെബ്രുവരി 3-ന് അംഗീകാരം നൽകി. യോഗ്യതയ്ക്കായുള്ള അഭ്യർത്ഥന മൊത്തം സിറ്റിസൈഡ് പ്രവൃത്തികൾ ഉൾപ്പെടുത്തി 2014 ഫെബ്രുവരി 5-ന് പ്രസിദ്ധീകരിച്ചു. ഈ പാക്കേജിൽ ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, എ.ടി.സി. ടവർ, ടെക്നിക്കൽ ബിൽഡിംഗും ഇ & എം ഉപകരണങ്ങളും മറ്റ് പ്രധാന സേവനങ്ങളുമാണ്. ആർ.എഫ്.ക്യു., ആർ.എഫ്.പി. മുതലായ നടപടികൾക്കുശേഷം ഏറ്റവും കുറഞ്ഞ ഉകയായ 498 കോടി രൂപ ക്വാട്ട് ചെയ്ത് ബിഡ് സമർപ്പിച്ച ലാർസൺ & ടൂബ്രോ കമ്പനിക്ക് 2014 ജൂൺ 25-ന് വർക്ക് അവാർഡ് ചെയ്തു. പ്രവൃത്തി 50% പൂർത്തിയായി.

മറ്റ് പ്രവൃത്തികളായ ലിഫ്റ്റ്, എലിവേറ്റർ, എസ്കലേറ്റർ, ഫയർ ടെണ്ടർ മുതലായവയുടെ ടെണ്ടർ അവാർഡ് ചെയ്യുകഴിഞ്ഞു.*

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

1 (1) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.

തീരുമാനം എടുക്കാനുള്ള ഫയലുകൾ

2 (2) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം.മാണി രാജി വച്ച് ഒഴിയുമ്പോൾ, അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്ന എത്ര ഫയലുകളിൽ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്നു ;

(ബി) രാജി വച്ച ദിവസവും തലേ ദിവസവും അതിന് ശേഷവും എത്ര ഫയലുകളിൽ മന്ത്രി തീരുമാനങ്ങൾ എടുക്കുകയുണ്ടായി ; തീരുമാനം എടുക്കാതെ തിരിച്ചയച്ച ഫയലുകൾ എത്ര ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

(സി) ധനകാര്യ വകുപ്പുമന്ത്രി തീരുമാനം എടുത്തയച്ച എത്ര ഫയലുകൾ മുഖ്യമന്ത്രി കാണുന്നതിലേക്ക് തിരികെ വിളിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി രാജിവച്ച് ഒഴിയുമ്പോൾ അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്ന 41 ഫയലുകളിൽ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്നു.

(ബി) രാജിവച്ച ദിവസവും തലേദിവസവും ആകെ 28 ഫയലുകളിൽ മന്ത്രി തീരുമാനങ്ങൾ എടുക്കുകയുണ്ടായി ; രാജിവച്ചശേഷം ഒരു ഫയലിലും തീരുമാനം എടുത്തിട്ടില്ല. തീരുമാനം എടുക്കാതെ തിരിച്ചയച്ച ഫയലുകളുടെ എണ്ണം - 41.

(സി) ധനകാര്യ വകുപ്പുമന്ത്രി തീരുമാനം എടുത്തയച്ച ഫയലുകളൊന്നുംതന്നെ മുഖ്യമന്ത്രി കാണുന്നതിലേയ്ക്ക് തിരികെ വിളിച്ചിട്ടില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായുള്ള കരാർ

3 (3) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ~~അങ്ങ്~~. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിശ്ശികയായ വായ്പകൾ പിരിച്ചെടുക്കാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം തരത്തിലുള്ള വായ്പാ കടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാണ് എസ്.ബി.ടി. പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; ഈ വായ്പാ പരിധി എത്രവരെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനകം വായ്പാ കടിശ്ശിക്കുവേണ്ടി എത്ര കുടുംബങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly